E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 34810/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 29.07.2013

# സർക്കുലർ നമ്പർ 50/13

വിഷയം : സഹകരണവകുപ്പ് - സഹകരണ സംഘങ്ങളുടെ വാർഷിക പൊതു യോഗം കൂടുന്നതും ഭരണ സമിതി തിരഞ്ഞെടുപ്പ് നടത്തുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം.

........................

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ സൂചന പ്രകാരമുള്ള ഭേദഗതിയിലൂടെ സംഘങ്ങളുടെ വാർഷിക പൊതുയോഗം കൂടുന്നത് സംബന്ധിച്ച വകുപ്പ് 29 ൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

i) ഒരു സംഘത്തിന്റെ വാർഷിക പൊതുയോഗം സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞുള്ള 6 മാസത്തിനുള്ളിൽ നടത്തിയിരിക്കേണ്ടതാണ്.

ii) വാർഷിക പൊതുയോഗം കൂടുന്നതിനുള്ള ഉദ്ദേശ്യങ്ങളിൽ നിലവിലുള്ളവയ്ക്ക് പുറമേ താഴെപ്പറയുന്നവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

a) സംഘത്തിന്റെ പ്രവർത്തന നഷ്ടവും അത് കുറയ്ക്കുന്നതിനുള്ള പദ്ധതികളും അവലോകനം നടത്തുക.

b) ഭരണ സമിതി തയ്യാറാക്കിയ വരും വർഷത്തേയ്ക്കുള്ള സംഘത്തിന്റെ പ്രവർത്തന പദ്ധതി അംഗീകരിക്കുക.

c) സംഘത്തിന് ഏതെങ്കിലും സബ്സിഡയറി സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വാർഷിക റിപ്പോർട്ടും കണക്കുകളും അവലോകനം നടത്തുക.

d) ബൈലാ ഭേദഗതി.

e) സംഘത്തിന്റെ പൊതുയോഗം കൂടുന്നതിന്റേയും തിരഞ്ഞെടുപ്പ് നടത്തുന്നതിന്റേയും തീയതികൾ സംബന്ധിച്ച് പ്രഖ്യാപനം നടത്തുക.

f) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റേതെങ്കിലും വിവരങ്ങൾ.

മേൽ സാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം കൂടുന്നത് സംബന്ധിച്ചും ഭരണ സമിതി തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ചും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊള്ളുന്നു.

സഹകരണ നിയമത്തിലെ ഭേദഗതി വ്യവസ്ഥ പ്രകാരം എല്ലാ വർഷവും സെപ്തംബർ 30-ാം തീയതിക്ക് മുൻപായി സംഘങ്ങളുടെ വാർഷിക പൊതുയോഗം വിളിച്ചു ചേർക്കേണ്ടതായിട്ടുണ്ട്. ആയതനുസരിച്ച് പൊതുയോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ സംഘങ്ങൾക്കും സഹകാരികൾക്കും അറിയിപ്പ് നൽകുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും ശ്രദ്ധിക്കേണ്ടതാണ്.

2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലൂടെ എല്ലാ സഹകരണ സംഘങ്ങളുടേയും എല്ലാ തിരഞ്ഞെടുപ്പുകളും നടത്തുന്നതിന് സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ ഭരണ സമിതി തിരഞ്ഞെടുപ്പ് നടത്താനുള്ള എല്ലാ സംഘങ്ങളുടേയും വിവരങ്ങൾ അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉടൻ തന്നെ ശേഖരിക്കേണ്ടതും, സമയബന്ധിതമായി തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണത്തിലുള്ള സംഘങ്ങളിൽ ഭരണ സമിതി തിരഞ്ഞെടുപ്പ് നടത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും, എന്നാൽ ഭരണ സമിതി രൂപീകരണം തീർത്തും അസാദ്ധ്യമാണെന്ന് കാണുകയും സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് യാതൊരു സാധ്യതയില്ലെന്ന് കാണുകയും ചെയ്യുന്നപക്ഷം, ടി സംഘം സമാപ്തികരീക്കുന്നതിനുള്ള നടപടിക്രമം സമയബന്ധിതമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ